**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **30-01-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ പേരിനോടൊപ്പം ബാങ്ക് എന്ന് ചേർത്ത് പ്രവർത്തിക്കുന്നത് നിയമ വിരുദ്ധമാണെന്ന ആർ.ബി.ഐ.യുടെ നിലപാട് സംസ്ഥാനത്തെ സഹകരണമേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും സംസ്ഥാനത്തെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെയും നട്ടെല്ലായ സഹകരണ മേഖലയിലെ സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ്. സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലും കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല.അംഗങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും നടത്തി വരുന്ന സ്ഥാപനങ്ങളാണിവ.വിവിധ പദ്ധതികളിലൂടെ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വെയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ദീർഘകാല കാർഷിക വായ്പ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ. ടി സ്ഥാപനങ്ങൾ ബാങ്ക് എന്ന പേര് ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്ന റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിർദ്ദേശം സഹകരണമേഖലയിലും സഹകാരികളുടെ ഇടയിലും ആശങ്ക സൃഷ്ടിക്കുന്നതിന് സാഹചര്യം ഉണ്ടാക്കുന്നതാണ്. എന്നാൽ സഹകാരികളുടെ വിശ്വാസം ഉറപ്പിക്കുന്ന സമീപനങ്ങളിലൂടെ ഇത്തരം പ്രതിസന്ധി മറികടക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | |
| (ബി) | പ്രസ്തുത വിഷയത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | റിസർവ്വ് ബാങ്കിന്റെ 22.11.2021 ലെ പത്രപരസ്യത്തിനെ തുടർന്ന് ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ്വ് ബാങ്കിന് 01.12.2021 ൽ കത്ത് നൽകിയിരുന്നു. ബാങ്കിങ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സഹകരണ നിയമത്തിന്റെ ലംഘനമായതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരം കേന്ദ്രനിയമഭേദഗതികളെ ചോദ്യം ചെയ്ത് ബഹു.സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. |
| (സി) | സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | 22.11.2021 ൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചതും കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ 'Press Release പ്രകാരം, 1949-ലെ BR Act-ൽ 2020 Sept 29-ന് വന്ന ഭേദഗതി നിർദ്ദേശം പ്രകാരം (Act 39 of 2020) 1949-ലെ BR Act- പ്രകാരം ഇളവ് ലഭിച്ചിട്ടുള്ളവരോ RBI-യുടെ പ്രത്യേക അനുവാദം ഉള്ള സ്ഥാപനങ്ങളോ അല്ലാത്തവർ 'Bank', 'Bankers', 'Banking' എന്നീ പദങ്ങൾ പ്രസ്തുത സ്ഥാപനങ്ങളുടെ പേരിനോടൊപ്പം ഉപയോഗിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി അറിയിക്കുന്നുവെന്നും ചില സഹകരണ സ്ഥാപനങ്ങൾ മേൽപറഞ്ഞ BR Act-ലെ ഭേദഗതി വകുപ്പ് 7 ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് Bank എന്ന പദം അവരുടെ പേരിനോടൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും അറിയിച്ചിരുന്നു. കൂടാതെ ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽ നിന്നും/ നോമിനൽ അംഗങ്ങളിൽ നിന്നും/ അസോസിയേറ്റ് അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് BR Act-ന് വിരുദ്ധമാണെന്നും മേൽ സാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് BR Act പ്രകാരമുള്ള ലൈസൻസ് ഇല്ലായെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദം ഇല്ലായെന്നും ഇത്തരം സഹകരണ സംഘങ്ങളിൽ ഉള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarentee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ഇത്തരത്തിൽ ബാങ്ക് എന്ന് അവകാശപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും |

| | | | |
|---|---|---|---|
| | | | ഇടപാടുകൾ നടത്തുന്നതിനു മുമ്പായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് പരിശോധിച്ച് ഉറപ്പാക്കണമെന്നും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നോട്ടീസിൽ പറഞ്ഞിരുന്നു. പ്രസ്തുത നോട്ടീസ് സഹകരണ സംഘങ്ങളിലെ അംഗങ്ങളിലും പൊതുജനങ്ങളിലും ആശയക്കുഴപ്പവും പരിഭ്രാന്തിയും സൃഷ്ടിക്കുമെന്നതിനാൽ ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ്വ് ബാങ്ക് ചീഫ് ജനറൽ മാനേജർക്ക് 01.12.2021 ൽ കത്ത് നൽകിയിരുന്നു.തുടർന്ന് റിസർവ്വ് ബാങ്കിന്റെ കത്ത് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ,bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കാനും Non-members, Nominal members/Associate members എന്നിവരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ച് മറുപടി കത്ത് ലഭിക്കുകയും തുടർന്നും ഇതേ വിഷയത്തിൽ കത്തുകൾ ലഭിച്ചു വരുന്നു. സഹകരണം ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി സഹകരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും തുടർന്ന് പ്രമുഖ സഹകാരികളുടെ നേതൃത്വത്തിൽ പത്രസമ്മേളനം, അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയുമുണ്ടായി. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരം കേന്ദ്രനിയമ ഭേദഗതികളെ ചോദ്യം ചെയ്ത് ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ